ഉത്തരം

(എ) റോഡ് മരാമത്ത് വകുപ്പിന് കൈമാറാൻ സന്നദ്ധമാണെന്ന പഞ്ചായത്ത് പ്രമേയം ലഭിക്കുകയോ, എട്ടു മീറ്റർ വീതിയിൽ റോഡ് നിർമ്മിക്കാനാവശ്യമായ സ്ഥലം സൗജന്യമായി വിട്ടുകിട്ടുകയോ ചെയ്തിട്ടില്ല.

(ബി) ഇല്ല.

കൂട്ടിക്കൽ—ഏന്തയാർ—ഇളംകാട് റോഡ്

1052 [1671] ശ്രീ. വി.ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ കൂട്ടിക്കൽ—ഏന്തയാർ—ഇളംകാട് റോഡ് പി.ഡബ്ലിയു.ഡി. ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ;

(ബി) ഈ വർഷം തന്നെ ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ റോഡ് ഏറ്റെടുക്കുന്നതിനാവശ്യമായ ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചുകഴിഞ്ഞു.

(ബി) 8 മീറ്റർ വീതിയിൽ റോഡു നിർമ്മിക്കാനാവശ്യമായ സ്ഥലം വിട്ടുകിട്ടിയതിനുശേഷമേ നടപടികൾ സാദ്ധ്യമാവുകയുള്ളു.

അളനാട്-ഉള്ളനാട്-കൊടുമ്പിടി റോഡ്

1053 [1672] ശ്രീ. വി.ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

അളനാട്-ഉള്ളനാട്-കൊടുമ്പിടി റോഡ് പി. ഡബ്ലിയു. ഡി. ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

ഈ റോഡ് ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കോട്ടയം ജില്ലാ വികസന സമിതി പാസ്സാക്കിയ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ അന്വേഷണം നടത്താൻ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. റിപ്പോർട്ട് കിട്ടിയതിനു ശേഷം മേൽനടപടി തീരുമാനിക്കുന്നതാണ്.

കൺസ്ട്രക്ഷൻ കോർപ്പറേഷൻ ജീവനക്കാരുടെ നിവേദനം

1054 [1673] ശ്രീ. കെ.പി. നൂറുദ്ദീൻ:

,, എൻ.പി. മൊയ്തീൻ:

,, കെ. സുകുമാരനുണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ കീഴിലുള്ള ജീവനക്കാർ

LIBRARY ARCHIVES Kerala Legislative Assembly